## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.739** **3/11/2011-ൽ മറുപടിയ്ക്ക്**

## ഇ.എസ്.ഐ. മെഡിക്കൽ കോളേജും ദന്തൽ കോളേജും ആരംഭിക്കുന്നതിനുള്ള പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി.കെ.സദാശിവൻ :<br>ശ്രീ.പി.കെ.ഗുരുദാസൻ :<br>ശ്രീമതി പി.അയിഷാ പോറ്റി:<br>ശ്രീ.ബി.സത്യൻ: | ശ്രീ. ഷിബുബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി) |
| (എ) ഇ.എസ്.ഐ.യുടെ ആഭിമുഖ്യത്തിൽ മെഡിക്കൽ കോളേജും ദന്തൽ കോളേജും ആരംഭിക്കുന്നതിനുള്ള പദ്ധതി റിപ്പോർട്ട് ഏത് ഘട്ടത്തിലാണ് ; | (എ) പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. റസിഡൻഷ്യൽ ബിൽഡിംഗിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. മെഡിക്കൽ കോളേജ് ബ്ലോക്ക്, ഡയഗ്നോസ്റ്റിക് സെന്റർ എന്നിവയുടെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. ഐ.പി. ബിൽഡിംഗിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. ആകെ 60% പണി പൂർത്തിയായിട്ടുണ്ട്. എഴുകോൺ ഇ.എസ്.ഐ. ദന്തൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. |
| (ബി) ഇതിന്റെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ ; | (ബി) പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജ്, എഴുകോൺ ദന്തൽ കോളേജ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളും മറ്റു ഭരണപരമായ കാര്യങ്ങളും ഇ.എസ്.ഐ. കോർപ്പറേഷന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് നടക്കുന്നത്. 31/10/2011 ൽ |

അവലോകന യോഗം നടത്തിയിട്ടുള്ളതായി ഇ.എസ്.ഐ. കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്.

(സി) നിർമ്മാണം എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ ?

(സി) 2013-14 വർഷത്തോടെ ഇത് പൂർത്തിയാക്കുവാൻ കഴിയുമെന്ന് ഇ.എസ്.ഐ. കോർപ്പറേഷൻ അധികൃതർ അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ